# കേരളീയം

# പത്രങ്ങളും കടലാസുകളും

**നി**ഷ്പക്ഷമായി ഒന്നും തന്നെയില്ല എന്നു പറയാറുണ്ട്. അത് ശരിയുമാണ്. ശരിയും തെറ്റും തമ്മിൽ ഉരസുമ്പോൾ ശരിയുടെ പക്ഷത്തു നിൽക്കുന്നവനെ, പക്ഷേ, പക്ഷപാതി എന്നു നാം പറയാറില്ല. വാക്കിന്റെ അർഥം വെച്ചുനോക്കുമ്പോൾ ശരിയല്ലെങ്കിലും സത്യമെന്നു തോന്നുന്നതിന്റെ കൂടെ നിൽക്കുന്നവനെയാണ്, നിഷ്പക്ഷനെന്നു പറയുന്നത്. സത്യം എന്നു പറയുമ്പോഴാകട്ടെ സമൂഹത്തിനു ഗുണകരമായത്, നന്മനിറഞ്ഞത്, ദോഷങ്ങളുണ്ടാക്കാത്തത് എന്നൊക്കെയാണ് മനസിലാക്കേണ്ടത്.

മേൽപറഞ്ഞ അർഥത്തിൽ നിഷ്പക്ഷമായിരിക്കുക അഥവാ സത്യപക്ഷത്തു നിൽക്കുക എന്നതാണ് പത്രധർമം എന്ന് പത്രങ്ങളുണ്ടായ കാലം മുതലേ സമൂഹം വിശ്വസിച്ചും ശഠിച്ചും വരുന്നു. ശരിയെന്നു തോന്നുന്നതിന്റെ പക്ഷം പിടിക്കുമ്പോൾ തന്നെ മറുപക്ഷത്തിനു പറയാനുള്ളതു കൂടി അവതരിപ്പിക്കാനിടം നൽകുക എന്നതും പത്രങ്ങളുടെ നിഷ്പക്ഷതയുടെ ഭാഗമായി കണക്കാക്കപ്പെടുന്നു.

പക്ഷേ, പത്രം നടത്തുന്നവർ മറ്റു ബിസിനസുകൾ നടത്തുന്ന കച്ചവടക്കാരാണെന്നു വരികയും പത്രം നടത്തിപ്പും വെറുമൊരു ബിസിനസു മാത്രമായി അക്കൂട്ടർ കരുതാൻ തുടങ്ങുകയും ചെയ്തതോടെ പത്രധർമം ചവറ്റുകുട്ടയിലായി. ബിസിനസുകാരെ തുടർന്ന് രാഷ്ട്രീയപാർട്ടികളും അതിനെത്തുടർന്ന് മത–സാമുദായിക പ്രസ്ഥാനങ്ങളും കൂടെ പത്രപ്രവർത്തനരംഗത്തു വന്നതോടെ വ്രണം പഴുത്ത് പുണ്ണായിത്തീർന്ന അവസ്ഥയായി. കച്ചവടതാൽപര്യങ്ങളും രാഷ്ട്രീയ താൽപര്യങ്ങളും വിഭാഗീയ മതതാൽപര്യങ്ങളും വളർത്താനും സംരക്ഷിക്കാനും പത്രങ്ങൾ പരസ്പരം മത്സരിച്ചു. അങ്ങിനെ പത്രപ്രവർത്തനം എന്ന അന്തസുറ്റ പണി ഇന്ന് വെറുമൊരു പിമ്പിംഗ് ഏർപ്പാടായി മാറി.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്ന പത്രങ്ങൾ നിഷ്പക്ഷമായിരിക്കില്ല എന്ന ധാരണ ജനങ്ങൾക്കു തന്നെയുണ്ട്. പക്ഷെ മലയാളത്തിലെ കുത്തക പത്രങ്ങളുടെ പിന്നിലുള്ള കച്ചവടതാൽപര്യങ്ങളെ വ്യക്തമായി തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടില്ല സാധാരണക്കാരനായ മലയാളി. ടൂത്ത്പേസ്റ്റും ടോയ്‌ലറ്റ് സോപ്പും വിൽക്കാൻ ചെയ്യുന്നപോലെ സ്വന്തം പത്രംവിറ്റഴിക്കാനും പരസ്യത്തിന്റെ അകമ്പടിതേടുന്ന ഇത്തരം കുത്തക പത്രങ്ങളുടെ പ്രചാരം കൂടിവരുന്നതും സാധാരണ മലയാളി അവയെ വിശ്വാസയോഗ്യമെന്നു കരുതുന്നു എന്നതിന് തെളിവാണ്.

പക്ഷെ അവരുടെ പത്രക്കച്ചവടം പുരോഗമിക്കുന്നതു കണ്ട് കൊതിക്കെറുവ് തോന്നിയിട്ടു കാര്യമില്ല. അവർക്ക് വിറ്റഴിക്കേണ്ട ഒരു ഉൽപന്നമാണ് പത്രം. നന്നായി പരസ്യം ചെയ്ത് അവരത് നന്നായി വിറ്റഴിക്കുന്നു. നന്നായി വിറ്റുപോകുന്ന പത്രത്തിന് നന്നായി പരസ്യം കിട്ടുന്നു. നന്നായി പരസ്യം കിട്ടുന്ന പത്രത്തിന് ലാഭം കൂടുന്നു. ആദ്യം പരസ്യങ്ങൾ നിരത്തുന്നു. ബാക്കി ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് വാർത്തകൾ എന്നു വിളിക്കുന്ന സാധനങ്ങൾ നിരത്തുന്നു. പരസ്യം തന്നിട്ടുള്ളവനും തരാൻ പോകുന്നവനും അവരുടെ അപ്പനപ്പൂപ്പന്മാർക്കും അയൽപക്കക്കാരനു പോലും എതിരായി വരുന്ന 'കമാ' എന്നൊരക്ഷരം പത്രത്തിലടിച്ചുവരാതെ സൂക്ഷിക്കുന്നു.

ചാലിയാറിനെയും പരിസരവാസികളേയും മലിനീകരണംകൊണ്ട് കൊല്ലുന്ന ഗ്രാസിം ഇന്റസ്ട്രീസിനെതിരെ ശക്തമായ സമരങ്ങൾ നടക്കുമ്പോൾ നമ്മുടെ പത്രങ്ങൾ അത് റിപ്പോർട്ട് ചെയ്യുന്നില്ല – കാരണം, ഗ്രാസിം നടത്തുന്ന ബിർളയുടെ വിവിധ ബിസിനസ് സ്ഥാപനങ്ങൾവഴി കോടിക്കണക്കിനു രൂപയാണ് പരസ്യം വഴി പത്രങ്ങൾക്ക് ലഭിക്കുന്നത്.

കേരളത്തിൽ പലിശക്കു പണം കൊടുത്ത് അന്യന്റെ ധനവും ജീവനും തട്ടിപ്പറിക്കുന്ന സംഘങ്ങൾക്കെതിരെയുള്ള, പലിശവിരുദ്ധ സമൂഹത്തിനായുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും കുത്തകപ്പത്രങ്ങളിടമില്ല – കാരണം, ഫൈനാൻസുകാരും കുറിക്കമ്പനിക്കാരും പരസ്യങ്ങൾക്കായി ലക്ഷങ്ങൾ മുടക്കുന്നുണ്ട് പത്രങ്ങളിൽ.

പുതിയ പുസ്തകങ്ങൾ നിരൂപണം ചെയ്യുന്ന പംക്തികൾ പല പത്രങ്ങളിലുമുണ്ട്. പക്ഷേ, പുതിയ സിനിമകൾ നിരൂപണം ചെയ്യുന്ന പംക്തി പ്രമുഖ പത്രങ്ങളെല്ലാം എന്നേ വേണ്ടെന്നുവച്ചു. കാരണം, എല്ലാ സിനിമകളും ഒന്നാന്തരമെന്ന് പറയാൻ വയ്യ. പക്ഷേ, എല്ലാ സിനിമകളും പരസ്യം തരുന്നവരാണ് – അപ്പോൾ ചിത്രം മോശമാണെന്ന് എങ്ങിനെ പറയും?

അങ്ങിനെ എത്രയോ ഉദാഹരണങ്ങൾ. വൃത്തികെട്ട പത്രക്കച്ചവടത്തിന്റെ നാറുന്ന പിന്നാമ്പുറക്കാഴ്ചകൾ.

ഇത്രയും പറഞ്ഞുവന്നത്, ഇത്രയേറെ പത്രങ്ങൾ നമുക്കുണ്ടായിട്ടും വായിക്കേണ്ട ഒരു പത്രം നമുക്കില്ല എന്ന് ഓർമ്മിപ്പിക്കാനാണ്. എണ്ണവും വണ്ണവും കൂടുംതോറും പൊള്ളയും കള്ളവുമായിത്തീരുന്ന ഈ കടലാസു കൂട്ടങ്ങൾക്കിടയിൽനിന്നും മാറിനിന്ന്; ഉറച്ചതും കടുത്തതുമായ സ്വരത്തിൽ ചുറ്റുപാടുകളുടെ വേവലാതികളെക്കുറിച്ച് നമ്മെ ഉണർത്തുന്ന ഒരു പത്രം ഉണ്ടാവേണ്ടതല്ലേ?

അതെ, എന്നാണെങ്കിൽ –

എങ്ങിനെയാണതുണ്ടാവുക?

എവിടെ നിന്നാണ് അതുണ്ടാവുക?